LIBRARY ARCHIVES Kerala Legislative Assembly

കെ. എം. എം. എൽ.-ന്റെ ഉൽപ്പന്നങ്ങൾ

27 [481] ശ്രീ. ലൂഡി ലൂയീസ്:
,, എം. പി. ഗംഗാധരൻ:
,, തമ്പാനൂർ രവി:
,, കെ. പി. വിശ്വനാഥൻ:
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എം. എം. എൽ. ഇപ്പോൾ എന്തെല്ലാം സാധനങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്;

(ബി) ഈ ഉൽപ്പന്നങ്ങൾ വൈവിദ്ധ്യവൽക്കരിക്കുവാൻ എന്തെങ്കിലും പരിപാടി ഉണ്ടോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ടയോക്സൈഡ്, ടൈറ്റാനിയം ടെട്രാക്ലോറൈഡ്, ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റ്, ഇൽമനൈറ്റ്, റൂട്ടൈൽ, സിൽക്കൺ എന്നീ ഉൽപ്പന്നങ്ങളാണ് ഇപ്പോൾ കെ. എം. എം. എൽ. ഉൽപ്പാദിപ്പിക്കുന്നത്.

(ബി ആന്റ് സി) ടൈറ്റാനിയം ടെട്രാക്ലോറൈഡിൽ നിന്നും ടൈറ്റാനിയം ഓക്സിക് ക്ലോറൈഡും വിവിധ ഗ്രേഡുകളിലുള്ള ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റും ഉണ്ടാക്കുവാൻ പരിപാടിയുണ്ട്. ഈ കാര്യങ്ങൾ കമ്പനിയുടെ ആർ. ആന്റ് ഡി.-യുടെ സജീവ പരിഗണനയിലാണ്. ഇതിനുവേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളൂ.

കെ. എം. എം. എൽ. നടത്തുന്ന റൂട്ടൈൽ കയറ്റുമതി

28 [482] ശ്രീ. പി. ടി. തോമസ്:
,, അടൂർ പ്രകാശ്:
,, കെ. സി. വേണുഗോപാൽ:
,, എം. എ. ചന്ദ്രശേഖരൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എം. എം. എൽ. ഏതെല്ലാം സ്ഥലങ്ങളിലേക്ക് റൂട്ടൈൽ കയറ്റുമതി ചെയ്യുന്നുണ്ട്;

(ബി) പ്രതിവർഷം എത്ര ടൺ റൂട്ടൈൽ കയറ്റുമതി ചെയ്യാനുള്ള ഓർഡർ ഈ സ്ഥാപനത്തിന് ലഭിക്കുന്നു;

(സി) കയറ്റുമതിയിനത്തിൽ പ്രതിവർഷം എന്തുതുക കെ. എം. എം. എൽ. നേടുന്നുണ്ട്;

(ഡി) കൂടുതൽ വിദേശരാജ്യങ്ങളിലേക്ക് കെ. എം. എം. എൽ.-ന്റെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു?

ഉത്തരം

(എ) കെ. എം. എം. എൽ. ചൈന, കൊറിയ, തുർക്കി, ദക്ഷിണാഫ്രിക്ക, ഇറ്റലി തുടങ്ങി ഇരുപതോളം രാജ്യങ്ങളിലേക്ക് റൂട്ടൈൽ കയറ്റുമതി ചെയ്യുന്നുണ്ട്.

(ബി) പ്രതിവർഷം ഉദ്ദേശം 7500 മെട്രിക് ടൺ റൂട്ടൈൽ കയറ്റുമതി ചെയ്യാനുള്ള ഓർഡർ ലഭിക്കുന്നുണ്ട്.

(സി) 2003-2004-ൽ കെ.എം.എം.എൽ. 5377.5 ലക്ഷം രൂപയ്ക്കുള്ള കയറ്റുമതി നടത്തുകയുണ്ടായി.

(ഡി) കെ.എം.എം.എൽ. കൂടുതൽ വിദേശ രാജ്യങ്ങളിലേക്ക് ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന്റെ ഭാഗമായി അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ പരസ്യങ്ങൾ നൽകുകയും കമ്പനി വെബ്സൈറ്റ് കാലോചിതമായി പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ അന്തർദേശീയ ശ്രദ്ധ ആകർഷിക്കത്തക്ക വിധത്തിൽ വിദേശത്തുവച്ചു നടത്തുന്ന പ്രദർശനങ്ങളിലും ശില്പശാലകളിലും കെ.എം.എം.എൽ. പങ്കെടുക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ

29 [483] ശ്രീ. സി. റ്റി അഹമ്മദ് അലി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനം ലാഭകരമാണോ;

(ബി) അല്ലെങ്കിൽ നഷ്ടം എത്രയാണ്;

(സി) ഇതു നഷ്ടത്തിൽ പ്രവർത്തിക്കാൻ ഇടയായതിന്റെ കാരണങ്ങൾ എന്തെല്ലാം;

(ഡി) ഈ കോർപ്പറേഷന്റെ പ്രവർത്തനം ലാഭകരമാക്കാൻ ആലോചിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly